# കർത്താവിൽ ഐക്യമത്യപ്പെടുക

## സഭാപ്രസംഗി 4:9-10

**"ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലതു; അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മറ്റേവനെ എഴുന്നേൽപിക്കും; ഏകാകി വീണാലോ അവനെ എഴുന്നേൽപിക്കാൻ ആരുമില്ലായ്ക കൊണ്ടു അവന്നു അയ്യോ കഷ്ടം!"**

നാം ഓരോരുത്തരും കർത്താവിൽ ഐക്യമത്യപ്പെട്ടു നിൽക്കേണ്ടതിന്റെ ആവശ്യകത വരച്ചുകാട്ടുന്ന ഒരു വാക്യമാണ് നാം മേൽവായിച്ചു കണ്ടത്. ഒരു കാര്യം നാം ഇവിടെ മനസ്സിലാക്കേണ്ടത് എത്രവലിയ ആത്മീയനേതാവായാലും, സുവിശേഷ പ്രസംഗകനായാലും, അനേകരെ ക്രിസ്തുവിങ്കലേക്ക് നയിച്ചവരായാലും, നാം ക്ഷീണിക്കുന്ന അവസരങ്ങളുണ്ടാകാം. ദൈവം ഒരുവനെ തന്റെ പ്രവർത്തനത്തിനായി വിളിക്കുമ്പോൾ, അവനോടൊപ്പം നിൽക്കുവാൻ മറ്റു ചിലരേയും കൂടി വിളിക്കുന്നു. അങ്ങനെയെങ്കിൽ നാം തല ഉയർത്തി നമുക്ക് ചുറ്റും നോക്കി, നമ്മുടെ സഹായത്തിനായി കൂടെ നിൽക്കുവാൻ ദൈവം നമുക്ക് വേണ്ടി മുന്നൊരുക്കിയ വ്യക്തികളെ കണ്ടെത്തണം.

യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നും മരുഭൂമിവഴിയായി കനാൻ ദേശത്തേക്ക് കൊണ്ടു പോകും വേളയിൽ, അവരുടെ നേതാവായിരുന്ന മോശയുടെ മനസ്സ് പലപ്പോഴായി പതറിപ്പോയിട്ടുണ്ട്. ഒരിക്കൽ മോശ ദൈവത്തോടായി പറഞ്ഞു, 'ഏകനായി ഈ സർവ്വജനത്തെയും വഹിപ്പാൻ എനിക്കു അതിഭാരം ആകുന്നു. ഇങ്ങനെ എന്നോടു ചെയ്യുന്ന പക്ഷം ദയവിചാരിച്ചു എന്നെ കൊന്നുകളയേണമേ. എന്റെ അരിഷ്ടത ഞാൻ കാണരുതേ.' (സംഖ്യാപുസ്തകം 11:14). ലക്ഷങ്ങളോളം വരുന്ന ഒരു ജനതയെ നയിച്ചുകൊണ്ടിരുന്ന മോശ, ഒരു പ്രത്യേക സാഹചര്യത്തിൽ ക്ഷീണിച്ചുപോയി. എന്നാൽ ദൈവം മോശയ്ക്ക് കൊടുക്കുന്ന ആലോചന തുടർന്നു നാം വായിക്കുന്നു. അതുപോലെ തന്നെ നാം കാണുന്നു, കുന്നിൻ മുകളിൽ യിസ്രായേലിന്റെ ജയത്തിനായി കൈ ഉയർത്തി നിന്നിരുന്ന മോശയുടെ കൈകൾക്ക് ഭാരം തോന്നിയപ്പോൾ, അവന്റെ കൈ താങ്ങിക്കൊടുക്കുവാൻ അഹരോനും, ഹൂരും, ഒരുവൻ അപ്പുറത്തും, ഒരുവൻ ഇപ്പുറത്തും നിന്നിരുന്നതുകൊണ്ടായിരുന്നു, മോശയുടെ കൈ സൂര്യൻ അസ്തമിക്കും വരെ ഉയർന്നു നിന്നതും, യോശുവായ്ക്ക് അമാലേക്കിനെ തകർത്തുകളയുവാൻ കഴിഞ്ഞതും.

പ്രിയരേ, കുറഞ്ഞപക്ഷം രണ്ടുപേരുടെ ആവശ്യവും പ്രാധാന്യവും വളരെ വലുതാണ്. യേശുകർത്താവ് ഇപ്രകാരം പറഞ്ഞു, 'ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും' (മത്തായി 18:19). ചില സമയങ്ങളിൽ ആത്മീയ ജീവിതത്തിൽ നമുക്ക്

താങ്ങാവാൻ ഒരു വ്യക്തി മതിയാകും. എന്നാൽ മറ്റു ചില സമയങ്ങളിൽ കൂടുതൽ പേരെ ആവശ്യമായിവരും. നമുടെ ആത്മീയ സ്വപനങ്ങൾ വലുതാവുമ്പോൾ, നമ്മുടെ ആത്മീയ സുഹൃത്തുക്കളുടെ എണ്ണത്തിലും വർദ്ധന ഉണ്ടാവണം. ചുരുക്കത്തിൽ നമുക്കോരോരുത്തർക്കും, മറ്റുള്ളവരുടെ ഒരു പ്രാർത്ഥനാവലയം തന്നെ ഉണ്ടായിരിക്കണം. അതാത് സമയങ്ങളിൽ വേണ്ടുന്ന പ്രോത്സാഹനങ്ങളും ഉപദേശങ്ങളും തന്ന് കൈത്താങ്ങലാകുവാൻ നല്ലയൊരു കൂട്ടയ്മാബന്ധവും നാം സ്ഥാപിച്ചെടുക്കേണം. ഒന്നിലധികം പേരുണ്ടായുലുള്ള പ്രത്യേകതകളെപ്പറ്റി യേശുകർത്താവ് പറയുന്നത് ഇപ്രകാരമാണ് 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്' (മത്തായി 18:20). ഇവിടെ കൂട്ടുസഹോദരന്മാരുടെ എണ്ണമല്ല പ്രധാന വിഷയം മറിച്ച് അവർ തമ്മിലുള്ള ഐക്യതയാണ്. നാം തനിയെ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോഴാണ് പലപ്പോഴും ക്ഷീണിച്ചു പോവുന്നത്. ഒന്നിച്ചുനിൽക്കുക കുടുംബമായി, സഭയായി, സഹോദരങ്ങളുമായ്.

പ്രിയ ദൈവപൈതലേ, ദാവീദ് തികഞ്ഞ ഒരു യോദ്ധാവായിരുന്നിട്ടും, ഒരു ഫെലിസ്ത്യനോട് പടവെട്ടിയപ്പോൾ തളർന്നു പോയി. എന്നാൽ ദൈവ നിയോഗമെന്നോണം സെരൂയയുടെ മകനായ അഭീഷായി അവന് തുണയായി വന്ന് ഫെലിസ്ത്യനെ വെട്ടിക്കൊല്ലുകയായിരുന്നു. നാം എത്ര തന്നെ ആത്മീയതയിൽ പേരുകേട്ട വ്യക്തി ആയിരുന്നാലും, മിടുക്കും, സാമർത്ഥ്യവും, ആത്മീയ പരിചയവും നമുക്കുണ്ടായിരുന്നാലും, മറ്റുളവരുടെ സഹായവും പ്രാർത്ഥനയും നിശ്ചയമായും നമുക്കാവശ്യമാണ്. നാം എല്ലാവരും ഒരു യുദ്ധക്കളത്തിലാണ്. ഈ പോർക്കളത്തിൽ ധൈര്യത്തോടെ ശത്രുവിനെതിരെ പൊരുതിക്കൊണ്ട് ഐക്യമായി നിന്ന് കർത്താവിന്റെ വേല നമുക്കു ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**
ഫിലിപ്പിയർ 2:1-2
ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐക്യമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.

ബ്രദർ. ബിനു ബേബി ആലപ്പുഴ 173